(ബി) ഉണ്ടെങ്കിൽ പെൻഷൻ തുക കുറെയെങ്കിലും വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്കാര്യം പരിഗണനയിലാണ്.

ജുഡീഷ്യറി

39 (296) ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ:

താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

നമ്മുടെ സംസ്ഥാനത്തെ ജുഡീഷ്യറി കുറേക്കൂടെ മെച്ചപ്പെടുത്താൻ വേണ്ടി സിവിൽ ജുഡീഷ്യറിയും, ക്രിമിനൽ ജുഡീഷ്യറിയും പ്രത്യേകമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഈ കാര്യം ഗവൺമെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

Adjournment Motions

മി:സ്പീക്കർ: റൂൾ 49 അനുസരിച്ച് നാല് അടിയന്തിരപ്രമേയ 9 a. m.] ങ്ങൾക്ക് നോട്ടീസ് കിട്ടിയിട്ടുണ്ട്. വളരെ മെമ്പർമാർ യോജിച്ചു ചേർന്നു എഴുതിതന്നിട്ടുള്ളതുമുണ്ട്. എല്ലാം വളരെയധികം പ്രാധാന്യം അർഹിക്കുന്നതുമാണ്. ചിലതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ഒന്നുരണ്ടു ബഹുമാനപ്പെട്ട മെമ്പറൻമാർ എന്നോടു പറഞ്ഞു മനസ്സിലാക്കിയിട്ടുണ്ട്. അതിനെ സംബന്ധിച്ച് തരാതരം തിരിക്കാതെ ഒരെണ്ണം എടുക്കുകയാണ്. ഇവിടെ തന്നിട്ടുള്ള അടിയന്തിരപ്രമേയങ്ങൾ താഴെപ്പറയുന്നവയാണ്.

കേരള ഗവൺമെൻറും തമിഴ്നാട് ഗവൺമെൻറും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാറുകൾക്കും ധാരണകൾക്കും വിപരീതമായി, കോയമ്പത്തൂർ നഗരത്തിലെ ശുദ്ധജലവിതരണത്തിനു മാത്രം അനുവദിച്ചിട്ടുള്ള 'ശിരുവാണി' ഡാമിന്റെ ഉയരം നാലടി കൂടി ഉയർത്താൻ 55,000 രൂപ ചിലവ് ചെയ്തിരിക്കുന്നതായും, അതു വഴി 3000 ത്തോളം ഏക്കർ കൃഷിസ്ഥലത്ത് ജലസേചനം നടത്തി വരുന്നതായും ആധികാരികമായി അറിവു ലഭിച്ചിരിക്കുന്നതിനാൽ, അടിയന്തിര പൊതുപ്രാധാന്യമുള്ള ഈ വിഷയത്തെക്കുറിച്ചു ചർച്ച ചെയ്യുവാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നോട്ടീസ് റൂൾ 49 അനുസരിച്ച് ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) നൽകിയിട്ടുണ്ട്.

20-1-1970-ൽ ചെങ്ങന്നൂർ താലൂക്കിൽപെട്ട ചെറിയനാട് വില്ലേജിൽ നാൽപ്പതിൽപ്പരം വരുന്ന ആയുധധാരികളായ ഒരു സംഘം ആളുകൾ കർഷകത്തൊഴിലാളികളെ ആക്രമിക്കുകയും, തൽഫലമായി ഒരാൾ വെടിയേറ്റു കൊല്ലപ്പെടുകയും, ഒരു പെൺകുട്ടിയുൾപ്പെടെ മൂന്നു പേർക്കു സാരമായ പരുക്കുകളേൽക്കുകയും ചെയ്ത സംഭവത്തെത്തുടർന്ന് അവിടെ നിലവിലിരിക്കുന്ന അത്യന്തം ഗുരുതരമായ അവസ്ഥയെപ്പറ്റി ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള, ശ്രീ. പി. കെ. കുഞ്ഞച്ചൻ എന്നിവർ ചേർന്ന് റൂൾ 49 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly